രൂപത്തിൽ കൊല്ലം-പുനലൂർ ഗേജ് കൺവർഷൻ നാലഞ്ച് കിലോമീറ്റർ ഇത്തവണ ടേക്ക്-അപ് ചെയ്യാമെന്നും അതിന്റെ പണി നടത്തുമെന്നുമാണ്. ഇതുവരെ ഒരു പണിയും ആയിട്ടില്ല. നമ്മൾ കൊടുത്ത മെമ്മോറാണ്ടത്തിൽ പുനലൂർ-ചെങ്കോട്ട സെക്ടറിന്റെ പണിയുടെ കാര്യം ആവശ്യപ്പെട്ടിരുന്നു. അടുത്ത കൊല്ലം പുനലൂർ-ചെങ്കോട്ട സെക്ടർ എടുക്കാം എന്നാണ് മെമ്മോറാണ്ടത്തിന് മറുപടിയായി പറഞ്ഞിരിക്കുന്നത്. ചെങ്കോട്ട-പുനലൂരിന്റെ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ വലിയ വനപ്രദേശം ആയതുകൊണ്ട് ഇന്നത്തെ ലൈൻ കംപ്ലീറ്റ് മാറ്റണം. ടണൽസ് മാറ്റണമെന്നാണ് അവർ പറയുന്നത്. അതുകൊണ്ട് അതിന് സർവ്വേ പൂർത്തിയായിക്കഴിഞ്ഞാൽ ഇത് പൂർത്തിയാക്കി ഇപ്പോൾ മദിരാശിയിൽനിന്ന് തെങ്കാശിയിൽ എത്തുന്ന ലൈനുമായി യോജിപ്പിക്കാം എന്നാണ് പറഞ്ഞത്. ഇക്കൊല്ലം നാല്പത്തിയഞ്ച് കിലോമീറ്റർ പൂർത്തിയാക്കാം എന്ന് സമ്മതിച്ച് വർക്ക് വന്നിട്ടുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, പയ്യന്നൂരിലെ കൊറ്റിയിൽ പണിയേണ്ട റെയിൽവേ പാലത്തിനെ സംബന്ധിച്ചാണ് എനിക്ക് ചോദിക്കാനുള്ളത്. ഏകദേശം കഴിഞ്ഞ ഒരു വർഷമായി ഗവൺമെന്റ് ആവശ്യപ്പെട്ട രീതിയിൽ സ്ഥലം അക്വിസിഷൻ നടപടിയൊക്കെ പൂർത്തിയായി. നേവൽ അക്കാദമിയിലേയ്ക്കുള്ള ഏറ്റവും പ്രധാനപ്പെട്ട റോഡിൽ കൊറ്റിയിൽ പണിയേണ്ട ഈ പാലത്തിന്റെ മറ്റ് പ്രാഥമിക നടപടികളെല്ലാം തീർത്ത സാഹചര്യത്തിൽ പാലം എത്രയും പെട്ടെന്ന് പണിയുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കുവാൻ കഴിയുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, എന്റെ ഓർമ്മ ശരിയാണെങ്കിൽ നേവൽ അക്കാദമി റോഡിലാണ് ആ പാലം. ബ്രിഡ്ജസ് കോർപ്പറേഷൻ പണിയാൻ ഏറ്റെടുത്തിരിക്കുന്ന പാലങ്ങളിൽ ഒന്നാണെന്നാണ് എന്റെ വിശ്വാസം. കൃത്യമായി പറയാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അതാണെന്നാണ് എന്റെ വിശ്വാസം.

പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര വിപണി

*2 [232] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ ടി. കെ. ദേവകുമാർ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ ഉൽപന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ പിടിച്ചുനിൽക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരമ്പരാഗത വ്യവസായ ഉൽപന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ സ്ഥാനം നേടുന്നതിന് സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ആവശ്യമായ പ്രചരണം സംഘടിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) കേരളത്തിലെ പരമ്പരാഗത ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് ദേശീയ വിപണി കണ്ടെത്തുന്നതിനും വ്യാപാര ബന്ധം സ്ഥാപിക്കുന്നതിനും വേണ്ടി 2004 ഫെബ്രുവരിയിൽ എറണാകുളത്തുവച്ച് ഒരു ബിസിനസ് മീറ്റ് നടത്തി. കേരളത്തിലെ പരമ്പരാഗത മേഖല ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക എന്നുള്ളതായിരുന്നു ഈ മീറ്റിന്റെ പ്രധാന ലക്ഷ്യം. ഈ സംരംഭത്തിൽ ഉല്പാദകരും വിദേശത്ത് നിന്നുള്ള വ്യാപാരികളും പങ്കെടുത്തിരുന്നു. കയർ, കൈത്തറി, കരകൗശലം, റബ്ബർ, രാസവസ്തുക്കൾ തുടങ്ങി കേരളത്തിലെ പരമ്പരാഗതവും ആധുനികവുമായ ഉല്പന്നങ്ങളെക്കുറിച്ച് അന്താരാഷ്ട്ര തലത്തിലുള്ളവർക്ക് ഇത് നേരിട്ട് അറിയാൻ അവസരമൊരുക്കി.

(സി) അന്താരാഷ്ട്ര അഭിരുചിക്കനുസരിച്ച് ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ, കൈത്തറി മേഖലകളിലെ ഉല്പന്നങ്ങൾ വിദേശ രാജ്യങ്ങളിലെ വ്യാപാരമേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുവാൻ പ്രോത്സാഹനം നൽകിവരുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : കണ്ണൂർ കൈത്തറി ലോക മാർക്കറ്റിൽ പ്രശസ്തമായ നിലയിൽ വർഷങ്ങളായിട്ട് നില്ക്കുന്ന ഒന്നാണ്. യൂറോപ്യൻ മാർക്കറ്റിലുമൊക്കെ കണ്ണൂർ കൈത്തറിക്ക് നല്ല മാർക്കറ്റാണുള്ളത്. എന്നാൽ കുറെക്കാലമായി കണ്ണൂർ കൈത്തറിയുടെ പേരിൽ ഉദ്യോഗസ്ഥർ ഉൾപ്പെടെ കൂട്ടുനിന്നുകൊണ്ട് കേരളത്തിനു വെളിയിൽനിന്നും പവർ ലൂമിൽ ഉല്പാദിപ്പിച്ച് കണ്ണൂർ കൈത്തറി എന്നു പറഞ്ഞ് ഉല്പന്നങ്ങൾ ഉണ്ടാക്കി കയറ്റുമതി ചെയ്യുകയാണ്. 250 കോടിയിലധികം രൂപയുടെ കയറ്റുമതിയാണ് കണ്ണൂർ ജില്ലയിൽ ഹാന്റ് ലൂം മേഖലയിൽ, പ്രത്യേകിച്ചും ടെക്സ്റ്റൈൽ മേഖലയിൽ ഉണ്ടാക്കുന്നത്. ഇവിടെ പന്ത്രണ്ടായിരത്തോളം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. പന്ത്രണ്ടായിരത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ മേഖലയിൽ നിന്ന് ഇപ്പോൾ കയറ്റി അയയ്ക്കുന്നത് ഇരുന്നൂറ്റിഅമ്പത് കോടി രൂപയുടെ തുണിത്തരങ്ങളാണ്. ഇത് പകുതിയിലധികം യഥാർത്ഥത്തിൽ കണ്ണൂർ കൈത്തറിയല്ല. കൃത്യമായി മാർക്കറ്റിൽ എത്തുന്ന ഈ സാധനങ്ങൾ കണ്ണൂരിൽ നിന്നുതന്നെ ഉല്പാദിപ്പിക്കുവാൻ ശ്രമിച്ചാൽ പതിനെട്ടായിരത്തോളം തൊഴിലാളികൾക്ക് പുതുതായി ഒരു കാര്യവുമില്ലാതെ ഈ മാർക്കറ്റ് വച്ചുകൊണ്ട് ഉല്പാദിപ്പിക്കുവാൻ സാധിക്കും. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഇപ്പോൾ പുതുതായി തൊഴിൽ കിട്ടുവാൻ മറ്റൊരു സാദ്ധ്യതയും ഇല്ല എന്നുള്ളതാണ്. എന്നാൽ ഇപ്പോൾ പന്ത്രണ്ടായിരത്തോളം തൊഴിലാളികൾക്ക് പണിയുണ്ട്. പൂർണ്ണമായിട്ടും ഇല്ല. പതിനെട്ടായിരത്തോളം തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുവാൻ സാധിക്കുന്ന മാർക്കറ്റ് ഓർഡർ ഇപ്പോഴുണ്ട്. ആ ഓർഡർ കേരളത്തിന്റെ വെളിയിൽ, കണ്ണൂരിന് വെളിയിൽ വിവിധ കേന്ദ്രങ്ങളിൽ കൊണ്ടുപോയി ടെക്സ്റ്റയിലിന്റെ രീതിയിൽ ഉല്പാദിപ്പിച്ച് കൈത്തറി

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞ് പ്രത്യേകം സീൽവച്ച് ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി കയറ്റി അയയ്ക്കുകയാണ്. കോടിക്കണക്കിന് രൂപ ഈ രീതിയിൽ ഉണ്ടാക്കിയ നിരവധി ആളുകൾ, കണ്ണൂരിൽ പ്രമുഖരായിട്ടുള്ള ആളുകളാണ്. പക്ഷേ പതിനെട്ടായിരത്തോളം തൊഴിലവസരമാണ് ഇല്ലാതാകുന്നത്. അതുകൊണ്ട് പുറത്തേയ്ക്ക് സാനിൾ കൊണ്ടുപോയി ഉല്പാദിപ്പിച്ചുകൊണ്ടുവരുന്ന സാഹചര്യം മതിയാക്കി അവിടെയുള്ള തൊഴിലാളികൾക്കു തന്നെ തൊഴിൽ കൊടുക്കുവാൻ ആവശ്യമായ അഭൂതപൂർവ്വമായ പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. പുറത്തേയ്ക്ക് സാമ്പിൾ കൊണ്ടുപോയി ഉല്പാദിപ്പിച്ചുകൊണ്ടുവരുന്നതിന് കൂട്ടുനില്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരായും ആ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്ന കമ്പനി നിലപാടുകൾക്കെതിരായിട്ടും ശരിയായ സമീപനം കൈക്കൊണ്ടാൽ മുപ്പതിനായിരം ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള സാധ്യതയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കണ്ണൂർ മേഖലയിലെ പട്ടിണി കിടക്കുന്ന പാവപ്പെട്ട കൈത്തറിത്തൊഴിലാളികൾക്ക് ആ രീതിയിലുള്ള ആനുകൂല്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിന് വളരെ മുൻഗണന നൽകുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിക്കുന്ന സമയമാണിത്. ഇന്ന് സെൻട്രൽ ബഡ്ജറ്റ് വരുന്നുണ്ട്. പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ പ്രൊവിഷൻസുണ്ടാകുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ. കാരണം കോമൺ മിനിമം പ്രോഗ്രാമിലൊക്കെ പരമ്പരാഗത വ്യവസായങ്ങൾ വളരെയധികം ചൂണ്ടിപ്പറഞ്ഞിട്ടുണ്ട്. അതിൽ കയർ, കശുവണ്ടി, ഹാന്റ്ലൂം തുടങ്ങിയ കൈത്തറി ഉൽപ്പന്നങ്ങളെക്കുറിച്ച് പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതിൽ കണ്ണൂരാണ് നമ്മുടെ പ്രധാനപ്പെട്ട കേന്ദ്രം. അവിടെ ക്ലസ്റ്ററായിട്ടുള്ള തൊഴിലാളികളുടെ യൂണിറ്റുകൾ ശക്തിപ്പെടുത്തണം. അതുപോലെ തന്നെ കണ്ണൂർ കൈത്തറി എന്ന Brand name-ൽ ഉല്പാദിപ്പിക്കുന്ന കൈത്തറി വസ്ത്രങ്ങളുടെ ഗുണങ്ങൾ കണ്ണൂരിൽത്തന്നെ ലഭിക്കത്തക്ക രീതിയിൽ ഈ വ്യവസായത്തെ സെൻട്രൽ സ്കീമിൽ ഉൾപ്പെടുത്തി ഇവിടെത്തന്നെ ശക്തിപ്പെടുത്താനാവശ്യമായ എല്ലാ നടപടികളും എടുക്കാം. അക്കൂട്ടത്തിൽ കള്ളത്തരം നടക്കുന്നുണ്ടെങ്കിൽ നിയമം ഉപയോഗിച്ച് തടയുകയും ചെയ്യും. അല്ലാത്ത രീതിയിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കണ്ണൂർ കൈത്തറി ഇന്നു നിലനിൽക്കുന്നതിന്റെ അടിസ്ഥാനകാരണം അവിടത്തെ അൻപത്തെട്ടോളം സൊസൈറ്റികളുടെ പ്രവർത്തനമാണ്. ചില സൊസൈറ്റികൾക്ക് നേരിട്ട് കയറ്റുമതി ചെയ്യാം. അവർക്ക് 50 ശതമാനം ബോണസ് കൊടുക്കുകയാണ്. പക്ഷെ അതിനേക്കാൾ കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന സൊസൈറ്റികൾ ഇവിടെയുണ്ട്. അതൊക്കെ പ്രൈവറ്റ് മേഖല മുഖേനയാണ് കയറ്റുമതി ചെയ്യുന്നത്. ഈ സൊസൈറ്റികളിൽ പലർക്കും അതിന്റെ ഫോർമാലിറ്റീസ് കൃത്യമായും അറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മാർക്കറ്റ് പിടിക്കാനുള്ള സംവിധാനം പല സൊസൈറ്റികൾക്കും അറിയില്ല. ഇപ്പോൾ ഒരു കൺസോർഷ്യം ഉണ്ടാക്കിയിട്ട് ചില ശ്രമം നടത്തിയിട്ടുണ്ട്. ലോക മാർക്കറ്റിൽ ഇപ്പോഴും വളരെ ശ്രദ്ധേയമായ രീതിയിൽ ഉൽപ്പന്നങ്ങൾ കൊടുക്കുന്ന നന്നായി പ്രവർത്തിക്കുന്ന മൊറാഴ, ഇരുണാറ്, കല്യാശ്ശേരി, ചെറുക്കൽ തുടങ്ങിയിട്ടുള്ള വളരെ പ്രധാനപ്പെട്ട സൊസൈറ്റികളുണ്ട്. പക്ഷെ അവർക്ക് കയറ്റുമതിക്ക് പ്രാപ്തമാകുന്ന രീതിയിൽ ഉല്പാദനം നടത്തുവാൻ ഇപ്പോഴുള്ള സെക്രട്ടറിയേയും രണ്ട് ക്ലാർക്കുമാരേയും വച്ച് സാധിക്കില്ല. കൂടുതൽ ഉദ്യോഗസ്ഥരെ നിശ്ചയിക്കുകയോ അല്ലെങ്കിൽ അവർക്ക് പ്രത്യേകമായി പോസ്റ്റ് ക്രിയേറ്റ് ചെയ്ത് അവിടെ ഈ ഹോർമാലിറ്റീസ് പൂർത്തിയാക്കാനുതകുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പാട് ചെയ്യുകയോ ചെയ്യാനാവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അക്കാര്യം നമുക്ക് ആലോചിക്കാം. ഞാൻ പറഞ്ഞതുപോലെ വിവിധ സൊസൈറ്റികളെ ഒരുമിപ്പിച്ച് കൂട്ടിക്കൊണ്ട് എല്ലാ വ്യവസായ മേഖലയിലും export-ന് ആവശ്യമായ നടപടികളെടുക്കുന്നതിനുവേണ്ടി ഒരു Cluster Scheme-നെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. വിവിധ സംഘങ്ങളെ ഒരുമിച്ച് കൂട്ടിക്കൊണ്ട് എക്സ്പോർട്ടിനാവശ്യമായ നടപടികളെടുക്കാം. അവരെ സഹായിക്കുക കോമണായിട്ട് എല്ലാം കൂടി, pool ചെയ്താൽ ഉൽപ്പാദനക്ഷമത കുറയും. കണ്ണൂർ മേഖലയിൽ ഇത്തരത്തിലുള്ള Cluster Scheme- നെക്കുറിച്ച് ആലോചിക്കാം. ഇന്നത്തെ ബഡ്ജറ്റ് വന്നതിനുശേഷം ഗവൺമെന്റ് തന്നെ കൈത്തറി മേഖലയുടെ വികസനത്തിനുവേണ്ട ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. കൈത്തറിമേഖലയെ ബാധിച്ചിരിക്കുന്ന യഥാർത്ഥ പ്രശ്നങ്ങൾ നമുക്കറിയാം. ഇനിയൊരു പഠനത്തിന്റെയൊന്നും ആവശ്യമില്ല. പക്ഷെ പദ്ധതികളുടെ ആവശ്യമുണ്ട്. കേന്ദ്ര സഹായവും കേരള സഹായവും ഒരുമിപ്പിച്ച് കൊടുത്ത് അക്യൂമുലേറ്റഡ് സ്റ്റോക്ക് കളഞ്ഞ് ഹാന്റ്ക്സിനേയും ഹാൻവീവിനേയും കുറച്ച്കൂടി ശക്തിപ്പെടുത്തണം. അപ്പോൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ കൊടുക്കാനും എടുക്കാനുമുള്ള ക്രയവിക്രയശേഷി ശക്തമാകും. ഞാൻ ഒരുദാഹരണം പറഞ്ഞു എന്നേയുള്ളൂ. ഇതുപോലെ നല്ല ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കണം. ഗാട്ട് കരാറിന്റെ ഭാഗമായി അടുത്തുതന്നെ ടെക്സ്റ്റൈൽ കരാർ പോകാൻ പോകുകയാണ്. ക്വാളിറ്റിയുള്ള ഉൽപ്പന്നങ്ങൾ വിദേശത്തേക്ക് അയച്ചില്ലെങ്കിൽ നമുക്ക് ദോഷം വരും. അതുകൊണ്ട് കൈത്തറി മേഖലയിൽ മുഴുവൻ സമഗ്രമായ പരിപാടിക്ക് ഗവൺമെന്റ് റെഡിയായിരിക്കുകയാണ്. പണമാണ് പ്രശ്നം. അതിന് കേന്ദ്ര സഹായവും കേരളത്തിന്റെ ബഡ്ജറ്റിൽ നേരത്തെ പ്രഖ്യാപിച്ചിരുന്ന പണവും കിട്ടണം. അന്ന് അഞ്ഞൂറ് കോടി രൂപയുടെ പദ്ധതിയെന്നു പറഞ്ഞ് 50 കോടി രൂപ എം.ജി.പി.-ക്ക് നീക്കി വയ്ക്കുകയുമൊക്കെ ചെയ്തു. പദ്ധതിയുണ്ട്. അതുകൊണ്ട് പണം കിട്ടിയാൽ ഈ ബൃഹത്തായ പദ്ധതി ഏറ്റവും പ്രാമുഖ്യത്തോടുകൂടി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, പരമ്പരാഗത വ്യവസായങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് വൈവിധ്യവൽക്കരണം ഉണ്ടാകുകയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും ചെയ്യാതെ അന്തർദ്ദേശീയ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ഉൽപ്പന്നം കയറ്റുമതി ചെയ്ത് മാർക്കറ്റ് പിടിച്ചെടുക്കാൻ കഴിയില്ല. കൈത്തറിയുടെ കാര്യം ഇവിടെ പറഞ്ഞു. കയർ രംഗത്ത് യൂറോപ്യൻ രാജ്യങ്ങളിൽ P.V.C. ഉപയോഗിക്കുന്നത് നിരോധിക്കുന്ന സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. PVC tufted mats ആണ് ഇവിടെ നിന്ന് ഏറ്റവും കൂടുതൽ യൂറോപ്യൻ രാജ്യങ്ങളിലേക്ക് കയറ്റി പോകുന്നത്. ആ സാഹചര്യത്തിൽ ഈ മാറിവരുന്ന അഭിരുചിയും അന്തർദ്ദേശീയ മാർക്കറ്റിൽ ഉപഭോക്താവിന്റെ അഭിരുചിയും മാർക്കറ്റിന്റെ ആവശ്യവും മനസ്സിലാക്കിക്കൊണ്ട് diversification ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ ഈ രംഗത്ത് ഗവേഷണം അനിവാര്യമായി വന്നിരിക്കുകയാണ്. നമ്മൾ ഒരുപാട് കാര്യങ്ങൾ പറയുമെങ്കിലും പരമ്പരാഗത മേഖലയിൽ കൈത്തറിയുടേയും കയറിന്റേയും കാര്യത്തിൽ ഉൾപ്പെടെ ഉൽപ്പന്നങ്ങളിൽ ആധുനികവൽക്കരണം ഉണ്ടാകുന്നുണ്ട്. ജ്യൂട്ട്, ഗ്രാസ്, പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള സാധനങ്ങൾ, ഈ മേഖലയിലേയ്ക്ക് കടന്നുകൊണ്ട് പുതിയ ഉൽപ്പന്നങ്ങൾ വരുമ്പോൾ നമ്മുടെ തനതായ ഈ പരമ്പരാഗത മേഖലയിൽ ഗവേഷണം ഇല്ലാത്തതിന്റെ ഫലമായി നമ്മുടെ ഉൽപ്പന്നങ്ങൾ അന്തർദ്ദേശീയ മാർക്കറ്റിൽ പിൻതള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സ്ഥിതിവിശേഷത്തിന് പരിഹാരം കാണാൻ കഴിയുന്ന തരത്തിൽ കൈത്തറിക്കും കയറിനും ഗവേഷണ സ്ഥാപനം ഉണ്ടാക്കിക്കൊണ്ട് പുതിയ തരത്തിലുള്ള അന്തർദ്ദേശീയ തലത്തിലുള്ള അഭിരുചിക്കനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ ഗവൺമെന്റ് അടിയന്തിരമായി മുൻകൈയെടുക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കയറിനെ സംബന്ധിച്ച് ആധുനികവൽക്കരണം ആവശ്യമാണ്. അതിനെതിരായ മനഃസ്ഥിതിയായിരുന്നു കേരളത്തിൽ ഉണ്ടായിരുന്നത്. ഇവിടെ യന്ത്രവൽക്കരണമായാലും വൈവിധ്യവൽക്കരണമായാലും എതിർക്കുകയായിരുന്നു. ഒരു ഗവേഷണ കേന്ദ്രം തുടങ്ങാൻ ഐ.സി.എ. ആറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കയർ ബോർഡിന്റെ ഗവേഷണ കേന്ദ്രം വെറും ചായം മുക്കലും മറ്റുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഐ.സി.എ.ആർ. തെങ്ങിന്റേയും ചകിരിയുടേയും മറ്റും ഉൽപ്പന്നങ്ങളുടെ ഗവേഷണം നടത്താൻവേണ്ടി ജൂട്ടും കോട്ടണും ചെയ്യുന്നതുപോലെ കയറും എടുക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടിട്ടും കയർ ഇൻഡസ്ട്രിയൽ പ്രോജക്റ്റായിട്ട് തള്ളുകയാണുണ്ടായത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഒരു ഗവേഷണ കേന്ദ്രം തുടങ്ങുന്നതിനാവശ്യമായിട്ടുള്ള നടപടികളെടുത്തു. അക്കാര്യം ബഡ്ജറ്റിൽ കൊടുത്ത് നടപടികളെടുക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് ഇതിനാവശ്യമായിട്ടുള്ള സഹായത്തിന് അപേക്ഷിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇതുതന്നെയാണ് പ്രധാന പ്രശ്നം. വ്യവസായ വകുപ്പുമന്ത്രി ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞു. കയറിന് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു വ്യവസായം തുടങ്ങാൻ ഒരു ഫണ്ട് അലോട്ട് ചെയ്യണമെന്നാണ് ഞാൻ പറയാൻ വന്നത്. രണ്ടാമത്തെ ചോദ്യം പാരമ്പര്യമായി ഉൽപ്പാദിപ്പിച്ചുവരുന്ന പരമ്പരാഗത വ്യവസായങ്ങളിലെ പല ഉൽപ്പന്നങ്ങളും വളരെ ചെറിയ മാറ്റം വരുത്തിയിട്ട് പേറ്റന്റ് സമ്പാദിക്കുന്ന സ്ഥിതിവിശേഷം സംസ്ഥാന ഗവൺമെന്റിന്റെ വക്കീലൻമാരുടെ സഹായത്തോടെ ഇന്ന് കേരളത്തിൽ രൂപപ്പെട്ടിരിക്കുകയാണ്. ഒരുദാഹരണം പറയാം. ഗൗരിയമ്മയെക്കൊണ്ട് മറുപടി പറയിക്കാനായിരിക്കും മന്ത്രി ശ്രമിക്കുന്നത്. പപ്പടത്തടുക്ക് എന്നുപറഞ്ഞ് കയർ വ്യവസായത്തിൽ വരെ തലമുറകളായിട്ട് കയറ്റി അയയ്ക്കുന്ന ഒരു ഉൽപ്പന്നമുണ്ട്. അതിൽ ചെറിയ മാറ്റം വരുത്തിയിട്ട് ഒരു കയറ്റുമതിക്കാരൻ കേരള ഹൈക്കോടതിയിൽനിന്ന് പേറ്റന്റ് സമ്പാദിച്ചിരിക്കുകയാണ്. ഇന്ന് ആ കമ്പനി ആവശ്യപ്പെട്ടിരിക്കുന്നത് വേറെ ഏത് വിദേശ കയറ്റുമതിക്കാരനും പപ്പടത്തടുക്ക് കയറ്റുമതി ചെയ്യണമെങ്കിൽ ഒരു ഡോളർ ഇവർക്ക് കൊടുക്കണമെന്നാണ്. ഈ പരമ്പരാഗത വ്യവസായത്തിൽ ഇങ്ങനെ പേറ്റന്റ് സമ്പാദിക്കാൻ ശ്രമിച്ചു കഴിഞ്ഞാൽ കേരളത്തിൽനിന്ന് നടക്കുന്ന കയറ്റുമതിപോലും തടസ്സപ്പെടും. കേരള ഗവൺമെന്റിന്റെ വക്കീലൻമാർ ഹൈക്കോടതിയിൽ എടുത്ത സമീപനംകൊണ്ടാണ് കയറ്റുമതി നടത്തിക്കൊണ്ടിരിക്കുന്നതുപോലും തടസ്സപ്പെടുത്തുന്ന തരത്തിൽ ചില കമ്പനികളിൽ പേറന്റ് ഷിപ്പിന് ഇടയായത്. ഇത് ഗൗരവമായി കാണണം. പേറ്റന്റ് ഷിപ്പ് സമ്പാദിക്കാൻ ആളുകൾ വന്നുകഴിഞ്ഞാൽ കയറ്റുമതിയോട് അടിസ്ഥാന നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, കയറ്റുമതിയായാലും ഉൽപ്പന്നങ്ങളെ സംബന്ധിച്ചുള്ള പേറ്റന്റ് റൈറ്റ് വാങ്ങാൻ ഓരോരുത്തർക്കും അവകാശമുണ്ട്. കയർ രംഗത്തുള്ള പപ്പടത്തടുക്കിന്റെ പേറ്റന്റ് റൈറ്റ് അവർക്കാണെന്ന് ഈ അടുത്ത കാലത്താണ് അറിയാൻ കഴിഞ്ഞത്. ആ വിധത്തിൽ അത് എന്താണെന്നതിനെക്കുറിച്ച് അന്വേഷിക്കാം. പേറ്റന്റ് റൈറ്റിനും ഓരോ പ്രൊസീഡ്യൂവർ ഉണ്ട്. അത് സംബന്ധിച്ച് ഗവൺമെന്റിനോ കയർ ബോർഡിനോ അറിയില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കയറ്റുമതിക്കുവേണ്ടിയുള്ള കൈത്തറി തുണികളുടെ ഗുണമേന്മ മാനദണ്ഡമായ സീറോ സീറോ ഫിനിഷിംഗ്, വാട്ടർ റിപ്പല്ലന്റ് ഫിനിഷിംഗ്, കലണ്ടറിംഗ് തുടങ്ങിയ പ്രോസസ്സുകൾക്ക് വിധേയമായിക്കഴിഞ്ഞാൽ തുണി വിലയുടെ 9.2 ശതമാനം എക്സൈസ് തീരുവ നൽകണമെന്നുള്ള നിബന്ധനകളിൽനിന്ന് ഒഴിവാക്കപ്പെടും. ആ നിബന്ധന പിൻവലിച്ച് കൈത്തറി തുണികളുടെ കയറ്റുമതിച്ചുങ്കം ഒഴിവാക്കി അന്താരാഷ്ട്ര വിപണിയിൽ കിടമത്സരത്തിൽനിന്ന് നമ്മുടെ കൈത്തറിയെ അതിജീവിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തീരുവ ഒഴിവാക്കുന്ന കാര്യം നമുക്ക് ടേക്ക്-അപ് ചെയ്യേണ്ടിവരും. ഈ പറഞ്ഞ പ്രത്യേക പ്രശ്നം എന്താണെന്ന് നോക്കി ചെയ്യാം. അതേപ്പറ്റി പഠിക്കണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഇൻഡ്യയുടെ മൊത്തം ടെക്സ്റ്റൈൽ കയറ്റുമതിയുടെ 10 ശതമാനം കണ്ണൂരിൽ നിന്നാണ് കയറ്റുമതി ചെയ്യുന്നത്. ലോക വ്യാപാര സംഘടനയുടെ വാണിജ്യ കരാർ പ്രകാരം 2005 ജനുവരി 1-ന് ആഗോള വിപണി തുറക്കുന്നതോടെ കയറ്റി അയയ്ക്കുന്ന ഉൽപ്പന്നങ്ങൾക്ക് കൈത്തറി തുണിയോ മിൽ തുണിയോ എന്നുള്ള വ്യത്യാസം നഷ്ടപ്പെടാൻ പോവുകയാണ്. കൈത്തറിക്കുള്ള കോട്ട സമ്പ്രദായവും നികുതിയിളവും ഇതോടുകൂടി ഇല്ലാതാകുകയാണ്. പൊതു മിനിമം പരിപാടി അംഗീകരിച്ച സാഹചര്യത്തിൽ ഇക്കാര്യങ്ങൾ ഗവൺമെന്റ് പഠിച്ച് അതുമൂലം ഉണ്ടാകുന്ന പ്രതിസന്ധിയിൽനിന്ന് കൈത്തറി മേഖലയെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നേരത്തെ ഉത്തരം പറഞ്ഞപ്പോൾ ഇതു പറഞ്ഞതാണ്. 2005 -ഓടുകൂടി ആഗോളാടിസ്ഥാനത്തിലുള്ള കരാറിന്റെ കാലാവധി തീരും. പിന്നെ നിയന്ത്രണമൊന്നുമില്ല. 2005-ന് ശേഷം ഇൻഡ്യയിലേയ്ക്ക് വിദേശ ഉൽപ്പന്നങ്ങൾ വരും. തീർച്ചയായും ആകസ്മികമായിരിക്കും. വില കുറവായിരിക്കും. ആ സമയത്ത് നമ്മൾ ഒരുങ്ങിയില്ലെങ്കിൽ വലിയ വിഷമമാകും. അതുകൊണ്ട് നമ്മുടെ സമീപനത്തിൽ വേണ്ട മാറ്റം വരുത്തണം. കാരണം ഗുണമേൻമ കൂടുകയും ചെലവ് കുറയുകയും ചെയ്യും. ഒരു പൊളിറ്റിക്കൽ സമീപനമെടുത്ത് കൈത്തറി മേഖലയിലും അതുപോലെ തന്നെ ചെറുകിട വ്യവസായ മേഖലയിലും ഒക്കെ പരമ്പരാഗതമായി എടുത്തുവരുന്ന സമീപനം തന്നെ എടുത്താൽ നമുക്ക് പിടിച്ചുനിൽക്കാൻ കഴിയാതെ വരും. അതുകൊണ്ട് സീരിയസായി ഈ പ്രശ്നം ഡിസ്കസ് ചെയ്യേണ്ട സമയമാണിത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള ബഡ്ജറ്റ് സഹായം മാത്രം കൊടുത്ത് ഈ വ്യവസായത്തെ രക്ഷിക്കാൻ കഴിയില്ല. സൊസൈറ്റികളല്ലാതെ ഇൻഡിവിഡുവൽ യൂണിറ്റും അതുപോലെ സെൽഫ് എംപ്ലോയ്മെന്റും ചെറുകിട വ്യവസായ യൂണിറ്റുമൊക്കെ ഈ രംഗത്ത് പുതുതായി തുടങ്ങിയെങ്കിൽ മാത്രമേ നമുക്ക് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളു. കണ്ണൂരിനെ സംബന്ധിച്ചിടത്തോളം തനതായ ശക്തിയുണ്ട്. അത് കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ടിയുള്ള കാര്യങ്ങളെക്കുറിച്ച് നമുക്ക് ആലോചിക്കാം. പക്ഷേ ആ സമയത്ത് നമ്മൾ ഒരുങ്ങിയില്ലെങ്കിൽ വലിയ അപകടം ഉണ്ടാകും.

ശ്രീ. എ. സുജനപാൽ : സർ, ആഗോളവൽക്കരണത്തിന്റെ ഭാഗമായി കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാൻ സംസ്ഥാന ഗവൺമെന്റ് ഡോ. എം. എസ്. സ്വാമിനാഥന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും അതേക്കുറിച്ച് ബൃഹത്തായ പഠനം നടത്തുകയും ചെയ്തു. അത് ആ രൂപത്തിൽ തന്നെ പരമ്പരാഗത വ്യവസായങ്ങൾക്കും മറ്റ് ചെറുകിട വ്യവസായങ്ങൾക്കും ആഗോളവൽക്കരണത്തിന്റെ ഭാഗമായി വന്ന

പ്രത്യാഘാതങ്ങളേക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, പരമ്പരാഗത വ്യവസായ മേഖലയെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ദീർഘമായ, അനന്തമായ പഠനങ്ങൾ കാലാകാലങ്ങളിൽ നടത്തിയിട്ടുണ്ട്. അതിന്റെ കാരണങ്ങൾ നമുക്ക് അറിയായ്കയല്ല. പഠന റിപ്പോർട്ടുകളുടെ കൂമ്പാരം തന്നെ ഇവിടെ ഇല്ലായ്കയല്ല. അത് ഇംപ്ലിമെന്റ് ചെയ്യാനുള്ള ദൃഢനിശ്ചയമാണ് ആവശ്യമുള്ളത്. അതിനുള്ള Political will നമുക്ക് വേണം. സപ്പോർട്ട് കൊടുക്കാനുള്ള പണം വേണം. ഇപ്പോഴുള്ള പരമ്പരാഗത വ്യവസായ മേഖലയിൽ റോൾ ലും ആകാം. റോൾ ലുമിന് മൂന്ന് പ്രശ്നങ്ങളുണ്ട്. സൊസൈറ്റികളിലാണെങ്കിൽ അത് കെട്ടിക്കിടക്കുന്നു. Comprehensive measures for marketing, financial support, അതുപോലെതന്നെ ആളുകൾക്ക് നല്ല സാധനങ്ങളും ഡിസൈനുകളും ഉണ്ടാക്കാനുള്ള ട്രെയിനിംഗ് ഈ മൂന്ന് വിഷയങ്ങളാണ് ഈ മേഖലയെ സംബന്ധിച്ച് വേണ്ടത്. നല്ല മാർക്കറ്റിംഗും നല്ല സാധനവുമാണെങ്കിൽ വിറ്റു പോകും. വിലയും കുറയണം. അല്ലാതെ മറ്റൊരു പഠനവും അതിനെ സഹായിക്കില്ല. അതുകൊണ്ട് പഠിച്ചു കഴിഞ്ഞിട്ട് നടപ്പിലാക്കിയാൽ മതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇന്ന് ലോക വിപണി പ്രധാനമായും കൈയടക്കിയിരിക്കുന്നത് ചൈനീസ് ഉൽപ്പന്നങ്ങളാണ്. ചൈനീസ് ഉൽപ്പന്നങ്ങൾക്ക് ലോക വിപണി കീഴടക്കാനുള്ള അവസരം കിട്ടിയിരിക്കുന്നു. പ്രധാനമായും പരമ്പരാഗത വ്യവസായ രംഗത്ത് മോഡേണൈസേഷൻ കൊണ്ടുവരികയും അതിന്റെ ഫലമായി ഉൽപ്പന്നങ്ങൾ ആകർഷകങ്ങളായി മാറുകയും ചെയ്തപ്പോൾ ചെറിയ പൈസയ്ക്ക് ഉൽപ്പന്നങ്ങളുണ്ടാക്കി മാർക്കറ്റിലിറക്കാൻ സാധിച്ചിട്ടുണ്ട്. ഈ അനുഭവം കൂടി കണക്കിലെടുത്തുകൊണ്ട് സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി പണം കൊടുക്കാതെ ഇത് നന്നാക്കാൻ കഴിയില്ല. 500 കോടി രൂപ പരമ്പരാഗത വ്യവസായങ്ങൾക്കുവേണ്ടി കൊടുക്കുമെന്ന് യു.ഡി.എഫ്. ഗവൺമെന്റ് പറഞ്ഞിരുന്നു. അത് ഏതെങ്കിലും കാലത്ത് കൊടുത്തിട്ട് കാര്യമില്ല. ഈ 500 കോടി രൂപ അടുത്ത വർഷത്തേയ്ക്ക് ബഡ്ജറ്റിൽ നീക്കിവച്ചുകൊണ്ട് അതിന് പ്രത്യേകമായ പദ്ധതി ഉണ്ടാക്കി പരമ്പാഗത വ്യവസായത്തെ നവീകരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ശ്രീ. കോടിയേരിയും ഞാനും കൂടി ചൈനയിൽ പോയി നോക്കിയതാണ്. ഒരുപാട് ഉൽപ്പാദന രംഗങ്ങളും കാര്യങ്ങളും ഞങ്ങൾ പോയി കണ്ടതാണ്. വളരെ പ്രകടമായി അവിടെ കണ്ട കാര്യം അവിടെ തനതായുള്ള മേഖലകളിൽ ഗവേഷണം നടത്തി ആ മേഖലകളെ അവർ പ്രോത്സാഹിപ്പിക്കും എന്നുള്ളതാണ്. പക്ഷേ അവിടെ നിലനിൽക്കുന്ന ഡിസിപ്ലിൻ നമ്മൾ കണ്ടതാണ്. ആ ഡിസിപ്ലിൻ ഇവിടെ കൊണ്ടുവരാൻ നമുക്ക് കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

അവിടെയാണ് പ്രശ്നം. ഉൽപ്പാദനക്ഷമത നമ്മൾ കണ്ടതാണ്. ആ ഉൽപ്പാദനക്ഷമതയാണ് ചൈനീസ് സാധനങ്ങളുടെ വിലക്കുറവ്. പണ്ട് ഒരു റേഡിയോയ്ക്ക് ആയിരമോ രണ്ടായിരമോ രൂപ കൊടുക്കണമായിരുന്നു. ഇപ്പോൾ ചൈനക്കാർ വിലകുറച്ച് റേഡിയോ ഉണ്ടാക്കി തള്ളുകയാണ്. പ്രൊഡക്ഷൻ വലിയ സംഗതിയല്ല. നിത്യോപയോഗസാധനങ്ങളൊക്കെ വളരെ കുറഞ്ഞ വിലയ്ക്ക് ഉണ്ടാക്കി തള്ളാനുള്ള അവരുടെ കഴിവാണ് ഇവിടെ പ്രകടമാകുന്നത്. ക്വാളിറ്റിയുണ്ട്. പക്ഷേ പ്രൈസ് ഇല്ല. ആ ഡിസിപ്ലിൻ നമുക്കില്ല. സമരം അല്ല ഞാൻ ഉദ്ദേശിക്കുന്നത്. ഇതെല്ലാം ജനാധിപത്യത്തിന്റെ വീക്ക്നെസ് ആയിരിക്കും. ആ വീക്ക്നസ് അറിടെയില്ല അതുകൊണ്ടാണ് ഇത്രയും കോടിക്കണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുന്ന വിധം ഉൽപ്പാദനക്ഷമത ഉണ്ടാകുന്നത് എന്നുള്ളതാണ് വസ്തുത. പക്ഷേ അതിന് ചൈനാ ഗവൺമെന്റ് സപ്പോർട്ട് കൊടുക്കുന്നുണ്ട്. ഇവിടെയും ആ സപ്പോർട്ട് കൊടുക്കുന്ന കാര്യം ആലോചിക്കാം.

<u>ശ്രീ. കെ. ബാബു</u>: സർ, മുൻ ഗവൺമെന്റ് ഏഷ്യൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആ സ്വതന്ത്ര വ്യാപാര കരാർ കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളെ എങ്ങനെ ബാധിക്കുമെന്ന് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, സ്വതന്ത്ര വ്യാപാര കരാർ നമ്മെ പല വിധത്തിലും ബാധിക്കും. സ്വതന്ത്ര കരാറിന്റെ അടിസ്ഥാനം തന്നെ ഹിറ്റസ്റ്റായ ആളുകൾ ട്രൈവ് ചെയ്യുമെന്നുള്ളതാണ്. പക്ഷേ ബാധിക്കാതിരിക്കാൻ വേണ്ടിയുള്ള നടപടികൾക്ക് ഗവൺമെന്റ് വേണ്ടത്ര സജ്ജീകരണങ്ങൾ എടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായമാണ് ഓട് വ്യവസായം. തൃശ്ശൂർ ജില്ലയിൽ ഏകദേശം 400-ഓളം കമ്പനികളിൽ 75 ശതമാനവും പൂട്ടിക്കഴിഞ്ഞു. അന്താരാഷ്ട്ര മാർക്കറ്റിൽ ഓടിന് മാർക്കറ്റ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആഭ്യന്തര മാർക്കറ്റിൽ ഇടിവു പറ്റിയെങ്കിലും വിദേശ മാർക്കറ്റിൽ പിടിച്ചുനിൽക്കുന്നതിന് ഗ്ലേസ്ഡ് ടൈൽസ്, അതുപോലെ നിലത്തുവിരിക്കാനുള്ള ടൈൽസ് എന്നിവ ഉൾപ്പെടുത്തി. വൈവിധ്യവൽക്കരിക്കുന്നതിന് ആവശ്യമായ പരിഗണന ഓട് വ്യവസായത്തിന് കൊടുക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നേരത്തെ ഞാൻ പറഞ്ഞു, കേരളത്തിന്റെ തനതായ കുറേ സെക്ടറുകളുണ്ട്. ഓരോ സെക്ടറിനും ക്ലസ്റ്റർ രൂപീകരിക്കുകയാണ്. അതനുസരിച്ച് തൃശ്ശൂരിൽ ടൈൽ ക്ലസ്റ്റർ കൊണ്ടുവരാൻ നോക്കുന്നുണ്ട്. ഓട് വ്യവസായ രംഗത്തെ കോമൺ പ്രോബ്ലം സോൾവ് ചെയ്യാൻവേണ്ടി എല്ലാവരേയും ഒന്നിച്ചുനിർത്തിക്കൊണ്ട് ഒരു ക്ലസ്റ്ററാക്കി

LIBRARY ARCHIVES Kerala Legislative Assembly

രൂപപ്പെടുത്താൻ തൃശ്ശൂരിനെയാണ് സെലക്ട് ചെയ്തിട്ടുള്ളത്. കോട്ടയം റബ്ബർ ക്ലസ്റ്റർ, പെരുമ്പാവൂർ പ്ലൈവുഡ് ക്ലസ്റ്റർ, കാലടി റൈസ്മിൽ ക്ലസ്റ്റർ, ആലുവ പ്ലാസിറ്റിക് ക്ലസ്റ്റർ, വാഴക്കുളം ഫുഡ് ക്ലസ്റ്റർ, തിരുവനന്തപുരം ക്ലേ ക്ലസ്റ്റർ, ഇടുക്കി ഫുഡ് ക്ലസ്റ്റർ, കോട്ടയം ലെതർ ക്ലസ്റ്റർ, എറണാകുളം ഗാർമെന്റ്സ് ക്ലസ്റ്റർ, തൃശ്ശൂർ ടൈൽ ക്ലസ്റ്റർ തുടങ്ങി 16 ക്ലസ്റ്റർ ഉണ്ടാക്കിയിട്ടുണ്ട്. ക്ലസ്റ്ററിന്റെ ഐഡിയ എന്താണെന്നു ചോദിച്ചാൽ എല്ലാവരും കൂടി കൂട്ടായ ക്ലസ്റ്ററായി കഴിഞ്ഞാൽ ഇംപ്രൂവ് ചെയ്യാം. അതുപോലെ പല ആനുകൂല്യങ്ങളും കിട്ടും. കോമണായി പല ഗുണങ്ങളും കിട്ടും. ചില മേഖലകളെ രക്ഷപ്പെടുത്താൻ ഇത് ആവശ്യമാണ്. അതിന്റെ ഉദാഹരണമാണ് ഓട് വ്യവസായം അതുകൊണ്ട് തൃശ്ശൂരിലെ കാര്യം പ്രത്യേകമായി ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): 2005-ഓടുകൂടി കാലാവധി തീരാൻ പോകുന്ന ഈ കരാറിന്റെ കാര്യത്തെ സംബന്ധിച്ച് പറഞ്ഞിട്ട് സാമർത്ഥ്യപൂർവ്വം നമ്മൾ ഇതെല്ലാം ശ്രദ്ധിച്ചാൽ നമുക്ക് 9.30 A.M.] പ്രയോജനമുണ്ടാക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈസാഹചര്യമാണ് ഇപ്പോൾ ആഗോളവൽക്കരണത്തിന്റെ വലിയ കുത്തകകൾ ഇന്ന് പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. നമുക്ക് ദോഷം ചെയ്യുന്ന ഇറക്കുമതികൾക്ക് നല്ലപോലെ നികുതി കൂട്ടണം. നമ്മുടെ വ്യവസായങ്ങളെ സഹായിക്കാൻ തക്കവിധത്തിലുള്ള ആശ്വാസകരമായ നിലയിൽ ആ നികുതി ഘടനയിൽ മാറ്റം വരുത്തണം. അതിനുവേണ്ടി സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റിനോട് ഈ കാലാവധി തീരുന്ന സമയത്ത് ഈ തരത്തിലുള്ള ഒരു നയസമീപനം സ്വീകരിക്കാൻ തയ്യാറുണ്ടോ; അതിനുവേണ്ടി ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. കോമ്പറ്റീഷൻ എന്നു പറഞ്ഞിട്ട് കുറച്ച് നഷ്ടപ്പെടുത്തിയായാലും (ബഹളം)..... സർ, സഭയിൽ അൽപ്പം നിശബ്ദത വേണ്ടേ? അല്ലെങ്കിൽ എങ്ങനെയാണ് പറയുക. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് കറക്ടാണ്. ഈ വ്യവസ്ഥകളിൽ ചിലത് നമുക്ക് ദോഷകരമാണെന്നുള്ള നിലയിൽ ടേക്കപ്പ് ചെയ്യാതെ നിർവാഹമില്ല. കരാറൊക്കെ ശരിയാണ്. പക്ഷേ, ലോകത്തെ ചില മേഖലകളിൽ പ്രൊട്ടക്ഷൻ ഉണ്ട്. ചില മേഖലകളിൽ ആ രാജ്യത്തിന്റെ പ്രത്യേകതയനുസരിച്ച് സംരക്ഷണവുമുണ്ട്. ആ നയമെടുക്കാൻ കേന്ദ്രത്തിൽ പുതിയ ഗവണ്മെന്റ് അധികാരത്തിൽ വന്ന സ്ഥിതിക്ക് തീർച്ചയായും നമ്മൾ ശ്രമിക്കേണ്ടതാണ്; ഗവണ്മെന്റ് അതിന് തയ്യാറാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly